# അവതാരിക

ത്രിയേക ദൈവത്തിനു സ്തുതി

കാഴിഞ്ഞുപോയ ഇന്നലകളിലെ സന്തോഷകരവും അല്ലാത്തതുമായ സംഭാവനകളോടൊപ്പം മറയാൻ വെമ്പൽകൊള്ളുന്ന ഇന്നിന്റെ സംഭാവനകളും ചേർത്ത് വരും തലമുറയ്ക്ക് ഇന്നത്തെ തലമുറ കൈമാറുന്ന വിലപ്പെട്ട നിധിയാണ് ചരിത്രം. അതിനാൽ മഹത്തായ ഒരു പൈതൃകം ഭൂതകാലത്തിന്റെ നിഴലിൽ വിസ്മൃതിയിലാകാതെ ഉയർത്തിപ്പിടിയ്ക്കുവാൻ ചരിത്രം മാനവരാശിയെ സഹായിക്കുന്നു. പ്രമുഖ ചിന്തകരുടെ ഭാഷ്യത്തിൽ "History is a Telescope of the past, Microscope of the present, and a Horscope of the future" (ചരിത്രം ഭൂതകാലത്തിന്റെ ദൂരദർശിനിയും വർത്തമാനകാലത്തിന്റെ സൂഷ്മദർശിനിയും ഭാവിയുടെ ജാതകവുമാകുന്നു) എന്നിങ്ങനെയാണ് വിവരിക്കപ്പെടുന്നത്. ഓരോ തലമുറയിലെയും നന്മകളെ കണ്ടെത്തുവാനും അംഗീകരിക്കുവാനും സാധിക്കുന്ന സദ്ഭാവനാ നൈപുണ്യമുള്ളവർ കടന്നു കൂടാവുന്ന തിന്മകളെ ഒഴിവാക്കി, യശസ്സ് വർദ്ധിപ്പിക്കുന്നതും സമൂഹത്തിനു ഗുണപ്രദമായി ഭവിയ്ക്കുന്നതും നിലനില്ക്കുന്നതുമായ നന്മകളിലേക്ക് വരുംതലമുറ ശ്രദ്ധ ഊന്നുവാൻ നിഷ്പക്ഷ വീക്ഷണത്തിൽ വിരചിതമായിട്ടുള്ള ചരിത്രങ്ങൾ സഹായിക്കുന്നു. അപ്രകാരം ഋജുരേഖയിൽ രചിയ്ക്കപ്പെട്ടിരിക്കുന്ന ഒരു ഗ്രന്ഥമത്രേ 'വേങ്കടത്ത് കുടുംബചരിത്രം'.

മനുഷ്യൻ ഒരു സമൂഹ ജീവിയാണ്. സമൂഹത്തിൽ അവൻ ജനിക്കുന്നു, വളരുന്നു. "Society ,friendship, and love divinely bestowed upon man" (Alexander Selkirtes soliloquy) (കൂട്ടായ്മയും സഖിത്വവും സ്നേഹവും ദൈവദത്തമായി മനുഷ്യനിൽ നിക്ഷിപ്തമത്രേ). തങ്ങളുടെ പൂർവ്വീക പിതാക്കന്മാരെയും സന്തതി പരമ്പരകളെയും കുറിച്ച് എങ്ങനെ, എപ്രകാരം എന്നറിയുന്ന ഒരു വ്യക്തിയ്ക്ക് സമൂഹവുമായുള്ള അവന്റെ ബന്ധം അവന് അസ്തിത്വവും സന്തോഷവും പുരോഗതിയും നല്കി അവന്റെ വ്യക്തിത്വത്തെ പരമോന്നതാവസ്ഥയിൽ എത്തിയ്ക്കുന്നു. യഹൂദന്മാരുടെ സംസ്കാരം പഠിക്കുമ്പോൾ ഓരോ കുടുംബവും തങ്ങളുടെ വംശാവലി എഴുതി സൂക്ഷിച്ചിരുന്നു

എന്നത് ഈ ചിന്തയ്ക്കു ബലം പകരുന്നു. യേശുക്രിസ്തുവിന്റെ വംശാവലി വിശുദ്ധ ബൈബിളിൽ വിവരിച്ചിരിക്കുന്നു.

ഏതാണ്ട് രണ്ടുമൂന്നു ദശകങ്ങളായി സമൂഹത്തിൽ, പ്രത്യേകിച്ച് ക്രൈസ്തവരുടെ ഇടയിൽ "കുടുംബാംഗങ്ങളുടെ ഇടയിൽ സഹകരണം ഊട്ടി ഉറപ്പിക്കുക" എന്ന ലക്ഷ്യത്തോടെ, കുടുംബയോഗങ്ങളും കുടുംബചരിത്രരചനകളും വർദ്ധിച്ചു വരുന്നത് ശ്ലാഘനീയമാണ്.

കർത്തൃശിഷ്യനായ മോർ തോമാശ്ലീഹാ 1-ാം നൂറ്റാണ്ടിൽ ഭാരതത്തിൽ ക്രിസ്തുമതത്തിന്റെ വിത്തു പാകിയപ്പോൾ ഇവിടെ പ്രബലമായിരുന്നത് ബുദ്ധമതവും ജൈനമതവും ആയിരുന്നു എന്നതിനും യഹൂദ മതാനുസാരികൾ ഉണ്ടായിരുന്നു എന്നതിനും തെളിവുകളുണ്ട്. എന്നാൽ 3-ാം ശതകത്തിനു ശേഷമാണ് ബ്രാഹ്മണർ കേരളത്തിൽ വരുന്നത്. AD. 1-ാം നൂറ്റാണ്ടിൽ ഇവിടെ ബ്രാഹ്മണരുമില്ല, ക്ഷേത്രങ്ങളുമില്ല. A.D 8- ാം നൂറ്റാണ്ടിൽ ശങ്കരാചാര്യരാണ് ഇന്നു നിലവിലുള്ള രീതിയിൽ ക്ഷേത്രങ്ങൾ സ്ഥാപിക്കുന്നത്. ക്ഷേത്രഭരണത്തിൽ നമ്പൂതിരിമാർക്ക് സ്വാധീനം വന്നതും ക്ഷേത്രങ്ങൾ വലിയ ഭൂവുടമകളായി തീർന്നതും 11,12 നൂറ്റാണ്ടുകളിലാണെന്നാണ് കേരളചരിത്ര സംബന്ധമായ ഗവേഷണങ്ങൾ വെളിച്ചത്തു കൊണ്ടുവന്നിരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ ചില കുടുംബങ്ങൾ എങ്കിലും അവരുടെ ആവിർഭാഗം 1-ാം നൂറ്റാണ്ടിൽ തന്നെ ഏതെങ്കിലുമൊരു ബ്രാഹ്മണ കുടുംബത്തോടു ബന്ധപ്പെടുത്താൻ തത്രപ്പെടുന്നത് ചിന്തനീയമത്രേ.

ഗോണ്ടഫോറസ് രാജാവ് സ്വപ്നത്തിൽ ദർശിച്ച മനോഹരമായ അരമന തനിയ്ക്കു സ്വായത്തമാക്കണമെന്നാഗ്രഹിച്ചു വ്യാപാരിയായ ഹാബാനോടു ശില്പിയെ അന്വേഷിക്കുവാൻ ചുമതലപ്പെടുത്തി. ശില്പിയെ അന്വേഷിച്ചു നടന്ന ഹാബാനു യേശുക്രിസ്തു ദർശനത്തിൽ കൂടി മോർ തോമാശ്ലീഹായെ ഹാബാനു ശില്പിയായി ഏല്പിക്കുകയും അങ്ങനെ മോർ തോമാശ്ലീഹാ ഭാരതത്തിൽ എത്തുകയും ചെയ്തു. ആ കാലഘട്ടത്തിൽ കൃഷി ചെയ്യുന്ന സമുന്നതമായ വിഭാഗത്തെ 'വെള്ളാള' എന്നും കച്ചവടം ചെയ്യുന്ന വിഭാഗത്തെ 'ചെട്ടി' എന്നും സമൂഹത്തിൽ അറിയപ്പെട്ടിരുന്നു. അപ്രകാരമുള്ള സമുന്നത വിഭാഗമായ 'വെള്ളാള ചെട്ടികൾ', ഏഴു വിസ്തൃതമായ കുന്നുകൾ ചേർന്ന് കിടക്കുന്നതിൽ ഒന്നായ, ഇന്ന് 'തിരുപ്പതി' എന്നു വിളിയ്ക്കപ്പെടുന്ന 'വേങ്കടം' കുന്നിൽ ('Venkadam Hills'), രാജാവിന്റെ കീഴിൽ ആ പ്രദേശത്തെ നാടുവാഴികളായിരുന്ന (ഗ്രാമത്തലവന്മാർ) നമ്മുടെ പൂർവ്വികർ, മോർ തോമാശ്ലീഹായുടെ പ്രേക്ഷിത പ്രവർത്തനം മുഖാന്തിരം രാജാവിനോടൊപ്പം ക്രിസ്തുമതം സ്വീകരിച്ചു. ഇന്നത്തെ കന്യാകുമാരി മുതൽ കാസർഗോഡ് വരെയുള്ള പ്രദേശം ഉൾപ്പെട്ടിരുന്ന ചേരസാമ്രാജ്യത്തിന്റെ അധിപനായ ചേരരാജാവ് ഹിമാലയ സാനുക്കളിലേയ്ക്കു നടത്തിയ യാത്രമദ്ധ്യേ ഇപ്രകാരം ഒരു നൂതന വിഭാഗത്തിന്റെ ശൈലിയിൽ ആകൃ

ഷ്ടനായി മോർ തോമാശ്ലീഹായോട് അപേക്ഷിച്ചതിൻപ്രകാരം 64 വീട്ടുകാരെക്കൂടെ തന്നോടൊപ്പം കൂട്ടി മോർ തോമാശ്ലീഹാ ചേരരാജ്യത്ത് എത്തി. മോർ തോമാശ്ലീഹ ചേര രാജ്യതലസ്ഥാനമായിരുന്ന തിരുവിതാംകോടു സ്ഥാപിച്ച പള്ളിയാണ് 'അരപ്പള്ളി'. അവിടെ അലക്സാണ്ടർ എന്ന ഒരു പുരോഹിതന്റെ കബറിടവും കാണുന്നു.

സർവ്വശക്തന്റെ അതിരറ്റ കരുണയാൽ ആ പൂർവ്വികരുടെ പിൻതലമുറക്കാർ അന്നമുതൽ ഇന്നോളം മോർ തോമാശ്ലീഹാ അഭ്യസിപ്പിച്ച സത്യവിശ്വാസപാതയിൽ നിന്നും വ്യതിചലിയ്ക്കാതെ നിലകൊള്ളുന്നു. അഭിമാനിക്കത്തക്ക ഒരു പൗരോഹിത്യ പാരമ്പര്യം മതാവലംബികളായ നാൾമുതൽ ഇന്നുവരേയും ദൈവനടത്തിപ്പിനാൽ ഈ കുടുംബത്തിൽ അഭംഗുരം തുടർന്നുപോരുന്നു എന്നതും പ്രസ്താവയോഗ്യമാണ്. ആ ശൃംഖലയിൽ പല തലമുറകളിലും പ്രശസ്തരും പ്രഗത്ഭരുമായവർ ഈ കുടുംബത്തിലുണ്ടെന്നുള്ളത് വിവിധ ചരിത്രങ്ങൾ വ്യക്തമാക്കുന്നു. കൂടാതെ സാംസ്കാരിക, രാഷ്ട്രീയ, ശാസ്ത്ര, സാഹിത്യ, സാമൂഹ്യ മേഖലകളിൽ പല തലത്തിൽ പ്രവർത്തിച്ചിട്ടുള്ളവരും, ഈ തലമുറയിലും പ്രവർത്തിച്ചുകൊണ്ടിരിയ്ക്കുന്നവരുമായ അനേകം ഉത്കൃഷ്ടാത്മാക്കളായ വ്യക്തികളും നമ്മുടെ കുടുംബാംഗങ്ങളായി ഉണ്ട്, എന്നത് അഭിമാനാർഹമാണ്.

ലഭ്യമായ ആധികാരിക ചരിത്രഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കി കുടുംബത്തിന്റെ ഉത്ഭവം, സാമൂഹിക രാഷ്ട്രീയ പരിണാമങ്ങൾക്കൊപ്പം കുടുംബത്തിനുണ്ടായ മാറ്റങ്ങൾ, ഇവ കണ്ടെത്താനുള്ള ശ്രമം കുടുംബചരിത്രങ്ങളുടെ മേഖലയിൽ തികച്ചും വ്യത്യസ്തമായ സമീപനമാണ്. തോമാശ്ലീഹായാൽ ക്രിസ്തുമതാനുയായികളാക്കപ്പെട്ട നാലു പ്രധാന 'ബ്രാഹ്മണ' കുടുംബങ്ങളുമായി, പ്രത്യേകിച്ച് തെളിവുകളൊന്നുമില്ലാതെ തന്നെ, തങ്ങളുടെ കുടുംബത്തെ ബന്ധിപ്പിക്കാനുള്ള പതിവ് രീതി ഇവിടെ സ്വീകരിച്ചിട്ടില്ല. എന്നാൽ എല്ലാ ചരിത്ര സംഭവങ്ങൾക്കും കൃത്യമായ തെളിവുകൾ നിരത്താനാവുന്നില്ല എന്ന, ഏത് ചരിത്രഗ്രന്ഥത്തിനുമുള്ള പോരായ്മ, ഈ കൃതിക്കുമുണ്ട്.

രക്തബന്ധത്തിൽ അധിഷ്ഠിതമായ, വേർപിരിക്കാൻ പാടില്ലാത്ത ഉറ്റ ബന്ധവും സ്നേഹവുമാണ് കുടുംബത്തിന്റെ ജീവൻ. കാലാന്തരത്തിൽ കുടുംബം വികസിക്കുമ്പോൾ പുതിയ മേച്ചിൽ സ്ഥലങ്ങൾ തേടി ദേശാന്തരഗമനം ആവശ്യമായി വരുന്നു. വിവിധദേശങ്ങളിൽ പാർക്കുന്ന കുടുംബാംഗങ്ങൾ പരസ്പരം അറിയുന്നതിനും ഇടപഴകുന്നതിനും കുടുംബയോഗം ആവശ്യമായി വരുന്നു. കുടുംബയോഗത്തിന്റെ നിലനില്പിന് കുടുംബചരിത്രം ഒരു അനിവാര്യതയായിരിക്കുന്നു. ആധുനികതയുടെ കടന്നു കയറ്റത്തിൽ പ്രാചീനമായതെല്ലാം വിസ്മൃതമായി പോകുന്ന ഈ കാലഘട്ടത്തിൽ പൂർവ്വികരുടെ സത്തയുള്ളതായ കാഴ്ചപ്പാടുകളെ നഷ്ടപ്പെടാതെ സൂക്ഷിക്കുവാൻ,

തിരോഭൂതമാകുന്ന പ്രാക്തന സംസ്കാരത്തെ വരും തലമുറകൾക്കു സൂക്ഷിച്ചു വയ്ക്കുവാനുമുള്ള ഒരു എളിയ ശ്രമമായി ഈ ഉദ്യമത്തെ ദർശിക്കാം. കടൽപരപ്പുപോലെ വിശാലമായ ഭൂതകാല നിക്ഷേപങ്ങളായ ചരിത്ര പരാമർശങ്ങളും ഗവൺമെന്റു രേഖകളും പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട് ചികഞ്ഞു കണ്ടെത്തിയിട്ടുള്ള അറിവുകളെ പൂർവ്വപിതാക്കന്മാരിൽ നിന്നും ലഭ്യമായിട്ടുള്ള കുടുംബരേഖകളോടും പരമ്പരാഗതമായി സിദ്ധിച്ചിട്ടുള്ള അറിവുകളോടും ചിരപുരാതന കൃതികളോടും, വായ്മൊഴിവഴക്കങ്ങളോടും ചേർത്തുവച്ച് വിശകലനം ചെയ്തു കണ്ടെത്തിയ സത്യങ്ങളെ കോർത്തിണക്കി രൂപീകരിച്ചിട്ടുള്ള ഈ ചരിത്രം സവിനയം അവതരിപ്പിയ്ക്കുന്നു.

**റവ. ഫാദർ എ. തോമസ് വേങ്കടത്ത്**
പ്രസിഡന്റ്
വേങ്കടത്ത് കുടുംബയോഗം

തിരുവഞ്ചൂർ
21-12-2009